
Monthly Price Rs. 4/-

# ബൈബിൾ ദൂതൻ



രക്ഷ

ഇതിൽ ഏതാണ് ആവശ്യമില്ലാത്തത്?

നഷ്ടപ്പെട്ട ആത്മാവ്

# ദൈവത്തിന്റെ രക്ഷാ ബന്ധം

| | | |
|---|---|---|
| നമ്മുടെ രക്ഷിതാവ് ദൈവം | – | 1 തിമൊഥെയൊസ് 4:10; യെശയ്യാവ് 12:2; റോമർ 6:23 |
| ക്രിസ്തു യേശു രക്ഷിക്കുന്നു | – | മത്തായി 1:21; എബ്രായർ 5:8–9; തിത്തൊസ് 2:11; റോമർ 3:24 |
| പരിശുദ്ധാത്മാവു നമ്മെ രക്ഷിക്കുന്നു | – | 1 കൊരിന്ത്യർ 6:11; യോഹന്നാൻ 14:26; 16:7–13 |
| ക്രിസ്തുവിന്റെ രക്തം മുഖാന്തരം രക്ഷിക്കുന്നു | – | റോമർ 5:8,9; എബ്രായർ 9:22; എഫെസ്യർ 1:7 |
| അവന്റെ നാമത്തിലാണ് രക്ഷ | – | പ്രവൃത്തികൾ 4:12; 10:43; യോഹന്നാൻ 20:30–31 |
| സുവിശേഷത്താൽ രക്ഷിക്കുന്നു | – | 1 കൊരിന്ത്യർ 15:1–4; റോമർ 1:16; യാക്കൊബ് 1:21 |
| വിശ്വാസത്താൽ രക്ഷ വരുന്നു | – | എബ്രായർ 11:6; റോമർ 3:16; പ്രവൃത്തികൾ 16:31 |
| മാനസ്സാന്തരത്തിലൂടെ രക്ഷ | – | ലൂക്കൊസ് 13:3; പ്രവൃത്തികൾ 2:38; 11:18 |
| രക്ഷ സ്നാനം മുഖാന്തരം ലഭിക്കുന്നു | – | 1 പത്രൊസ് 3:21; മർക്കൊസ് 16:16; പ്രവൃത്തികൾ 2:38 |

**ഇതിനേക്കാൾ ശക്തമായ മറ്റൊരു ബന്ധം രക്ഷക്കില്ല.**

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 21** **May 2007** **No.2**


## എഡിറ്റോറിയൽ

ലോകം മുഴുവൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ മുഖ്യമായതു. അക്രമങ്ങളാണ്. മനുഷ്യരിൽ അക്രമവാസന വർദ്ധിച്ചുവരികയാണ്. ലോകത്തിൽ എല്ലാ രാജ്യങ്ങളിലും ഇതു കാണാം. എന്താണ് ഇതിനു കാരണം? പ്രതിവിധി എന്താണ്? എല്ലാ രാജ്യങ്ങളിലും നിയമത്തിനു കുറവൊന്നുമില്ല. നിയമം കൊണ്ട് അതിനെ വിലക്കിയിട്ടുണ്ട്. മതങ്ങളുടെ കുറവുമല്ല. പിന്നെ എന്താണ് ഇങ്ങനെ ആവാൻ കാരണം? കുട്ടികളിലും ചിലരിൽ ഇത്തരം നശീകരണ സ്വഭാവം കാണാം. ചില കുട്ടികൾ കയ്യിൽ കിട്ടുന്നതെല്ലാം നശിപ്പിക്കും. പ്രതികാരവാഞ്ഛയാണ് അവരിൽ ഉള്ളത്. മനുഷ്യരും അന്യോന്യം പകവെച്ചുകൊണ്ടിരുന്നു പ്രതികാരം വീട്ടുകയാണ്. അടുത്ത സമയത്ത് ഒരു വിദ്യാർത്ഥി മറ്റു വിദ്യാർത്ഥികളുടെ നേരെ നിറയൊഴിച്ചു കൊന്നു. ഒടുവിൽ ആത്മഹത്യക്കു ശ്രമിച്ചു. ഇങ്ങനെയുള്ള സംഭവങ്ങൾ വേറെയും ഉണ്ടായിട്ടുണ്ട്. നിരാശയാകാം അതിന്റെ പിന്നിൽ, അല്ലെങ്കിൽ മറ്റുള്ളവർക്കു നേടാൻ കഴിയുന്നതു തനിക്കു നേടാൻ കഴിയാത്ത അപകർഷതാബോധം കൊണ്ടാകാം. എന്തുകൊണ്ടായാലും തെറ്റു തെറ്റുതന്നെ. അക്രമവും കുലപാതകവും ഒന്നിനും പരിഹാരമല്ല. അതു സ്വയം നശിക്കുന്നതിനു മാത്രമേ ഇടയാകു. രാഷ്ട്രീയമായോ, സാമ്പത്തികമായോ സാംസ്കാരികമായോ, മതപരമായോ എത്ര തന്നെ ശ്രമിച്ചാലും അതിനു പരിഹാരം കാണാവുന്നതല്ല. ഏക പരിഹാരം ദൈവികം മാത്രമാണ്. കാരണം മറ്റുള്ളവയെല്ലാം മനുഷ്യരുടേതാണ്.

വിദ്യാഭ്യാസം ഭൗതികമായി വളരെ വിലയുള്ളതാണ് എന്നു കണക്കാക്കുന്നവരാണ് അധികവും. വിദ്യാഭ്യാസം ഉള്ളവരിലും ഈ അക്രമ സ്വഭാവം കാണപ്പെടുന്നുണ്ട്. ഭൗതിക വിദ്യാഭ്യാസം കൊണ്ടു മാത്രം ഇതു പരിഹരിക്കാവുന്നതല്ല. മനസ്സിനു മുറിവേൽക്കപ്പെട്ടവരിൽ ആണ് ഈ സ്വഭാവം കാണപ്പെടുന്നത്. ബൈബിളിൽ ഒരു ഉദാഹരണം നാം ആദ്യമായി കാണുന്നു. തന്റെ യാഗത്തിൽ പ്രസാധിക്കാതിരിക്കയും സഹോദരന്റേതിൽ പ്രസാദിക്കയും ചെയ്തതാണ് അവനെ പ്രകോപിപ്പിച്ചത്. ദൈവ പ്രസാദം ലഭിക്കുന്നതെങ്ങനെ എന്നു അറിയുവാനല്ല ശ്രമിച്ചത്, തനിക്കു ലഭിക്കാത്തതു മറ്റൊരാൾ അനുഭവിക്കരുത് എന്ന തോന്നലാണ്. മാത്രമല്ല പ്രതികാരം ജീവനെടുക്കുന്നതിലേക്കു തിരിഞ്ഞു. സഹോദരൻ നിരപരാധിയാണെന്ന ചിന്ത അവന്റെ മനോഭാവത്തിൽ ഉണ്ടായില്ല. അവനാണ് ഇതിനു കാരണക്കാരൻ എന്നു സ്വയം തിരിച്ചറിഞ്ഞില്ല. കയ്യീൻ തന്റെ സഹോദരനെ കൊന്നു. അതിനുശേഷം അവനുണ്ടായിരുന്ന സ്വസ്ഥത നഷ്ടമായി. പലരും തെറ്റു ചെയ്യുമ്പോൾ ആലോചിക്കാതെയാണ് അതിനു കീഴ്പ്പെടുന്നത്. അതിന്റെ അനന്തരഫലത്തെക്കുറിച്ചു ചിന്തിക്കുന്നതേയില്ല. അക്രമവും കൊലയുമെല്ലാം തന്നെ ശരീരത്തിന്റെ ഇച്ഛയാൽ വരുന്നതാണ്. ശരീരത്തിന്റെ ശരിയായ ഉപയോഗം തിരിച്ചറിഞ്ഞാൽ അതിനെ തെറ്റായ ദിശയിലേക്കു വിട്ടു കൊടുക്കുകയില്ല. കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ മാത്രമല്ല അതിന്റെ അനന്തരഫലം പിന്തുടരുന്നത് എന്നോർക്കണം. ദൈവം മനുഷ്യരെ സൃഷ്ടിച്ചപ്പോൾ രണ്ടു ഭാഗങ്ങളോട് കൂടിയാണ് ഉണ്ടാക്കിയത്. ഒന്നു ശരീരം മറ്റൊന്ന് ആത്മാവു. ശരീരം താല്ക്കാലികവും ആത്മാവു നിത്യവുമാണ്. ശരീരം മണ്ണുകൊണ്ടുള്ളതും ആത്മാവു ദൈവരൂപവുമാണ്. എല്ലാവരും മനസ്സിലാക്കേണ്ട യാഥാർത്ഥ്യം അതാണ്. ആത്മാവിനെ നമുക്കു കാണുവാൻ കഴിയുകയില്ല. അദൃശ്യമായ ആ ഭാഗത്തിന്റെ ആവരണമായിട്ടാണ് ബാഹ്യ ശരീരം തന്നിരിക്കുന്നത്.

ഇത്തരം ദുഷിച്ച പ്രവണതകൾ മനുഷ്യരുടെ ചിന്തകളിൽ കടത്തിവിടുന്നതു പിശാചാണ്. സാത്താൻ മനുഷ്യരെ തെറ്റായ

വികാരത്താലോ, പ്രലോഭനത്താലോ വഞ്ചിക്കുകയാണ്. നാം അബദ്ധത്തിൽ ചാടുന്നതിൽ സന്തോഷിക്കുന്നതു പിശാചാണ്. കാരണം അവന്റെ തന്ത്രം നമ്മിൽ ഫലിച്ചു. അവൻ ഭോഷ്ക്ക് പറയുന്നവനാണ്. മനുഷ്യരെ തമ്മിൽ സംശയിപ്പിച്ചു, തെറ്റിദ്ധരിപ്പിച്ചു കലഹം ഉണ്ടാക്കിക്കുന്നു. അവിടെയും തീരുന്നില്ല. പ്രതികാരം വീട്ടണം എന്ന ചിന്ത വളർത്തുന്നു. വാസ്തവത്തിൽ പ്രതികാരം വിജയിക്കുകയല്ല പരാജയപ്പെടുകയാണ്. നാം വിജയിക്കണമെങ്കിൽ തിന്മയെ നന്മകൊണ്ട് അതിജീവിക്കണം മറ്റൊരാൾ തെറ്റുചെയ്താൽ അത് അവിടെ അവസാനിപ്പിക്കണമെങ്കിൽ നാം ക്ഷമിക്കണം. അക്രമവും കുലപാതകവും എല്ലാം മാനസിക വിഭ്രാന്തിയുടെ പരിണിത ഫലങ്ങളാണ്. സുബോധം ഉള്ളവർ കാര്യകാരണ വിവേചനമുള്ളവരായിരിക്കും. ദുർച്ചിന്ത, വ്യഭിചാരം, കുലപാതകം, മദ്യപാനം, വെറിക്കൂത്ത്, ജാരശങ്ക ഇങ്ങനെ ചേർച്ചയല്ലാത്തതും. നിഷേധഭാവങ്ങളും നമ്മിൽ പാടില്ല. ഒരാളുടെ ശരിയായ വ്യക്തിത്വമെന്നു പറയുന്നതു അയാളുടെ സ്വഭാവ ശുദ്ധിയാണ്. അതു നഷ്ടപ്പെടുത്തുവാൻ വളരെ എളുപ്പമാണ്. പക്ഷെ സൽകീർത്തിയുണ്ടാക്കുവാൻ വളരെ പണിപ്പെടണം. അതുകൊണ്ട് ഏതൊരാളായാലും തന്റെ മനോഭാവം ആദ്യം തന്നെ ദൈവത്തിൽ വിശ്വാസവും ഭയവും ഉണ്ടാകണം.

എന്താണ് സൽസ്വഭാവത്തിനു ഒരാൾ ചെയ്യേണ്ടത്? പ്രതികൂലവും പൈശാചികവുമായ സ്വഭാവം അങ്ങനെ നീങ്ങിപ്പോകയും ചെയ്യും. ദൈവത്തെ അറിയുകയും അവനിൽ വിശ്വാസം അർപ്പിക്കുകയും ചെയ്യുക. ദൈവമുണ്ടെന്നും അവൻ നമ്മുടെ പ്രവൃത്തികൾക്കു പ്രതിഫലം തരുമെന്നും ഉറപ്പായി വിശ്വസിക്കുക. പറയരുതാത്തതോ ചെയ്യരുതാത്തതോ തന്നിൽ നിന്നും ഉണ്ടാവുകയില്ല എന്ന തീരുമാനം എടുക്കുക. എല്ലാ പാപസ്വഭാവവും വിട്ടു കളഞ്ഞു മനസ്സിനെ ദൈവവഴിയിലേക്കു തിരിയ്ക്കുക. ചെയ്തപാപമോചനത്തിനായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേല്ക്കുക. ഇത്രയും യേശു ദൈവപുത്രൻ എന്നു വിശ്വസിച്ചു

ഏറ്റു പറഞ്ഞുകൊണ്ടാകണം ചെയ്യേണ്ടത്. അപ്പോൾ നിങ്ങളെ കർത്താവു രക്ഷിക്കുകയും അവന്റെ സഭയോടു ചേർക്കുകയും ചെയ്യും. തുടർന്നു മരണത്തോളം പുതിയ നിയമത്തിൽ കർത്താവു കല്പിച്ചിട്ടുള്ള കല്പനകൾ പാലിച്ചു അവനെ ആരാധിച്ചു ആ രക്ഷാ മാർഗ്ഗം മറ്റുള്ളവരെ അറിയിക്കയും ചെയ്തു ജീവിക്കുക. അപ്പോൾ അവരും ദുർമ്മാർഗ്ഗം വിട്ടു സത്യമാർഗ്ഗത്തിലേക്കു തിരിയും.

✶

## ദൈവജനത്തിന്റെ ഐക്യത

### ജെ. സി. ചോട്ട്

ഐക്യതയുടെ പ്രാധാന്യം ഭൗതിക ലോകം തിരിച്ചറിഞ്ഞിട്ടുണ്ട്. ആത്മികമായി അതിനുള്ള ഫലം വളരെ സ്പഷ്ടമായി ദൈവം തന്റെ വെളിപ്പെടുത്തിയ സന്ദേശത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ കാലത്തും ദൈവത്തിനു ഒരു ജനം ഉണ്ട്. ദൈവം തിരഞ്ഞെടുക്കുന്നവരാണ് അവർ. ഈ ലോകവും കാലവും ഉള്ള കാലത്തോളം ദൈവം അതു തുടരും. അത്തരം ആളുകൾ ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റുവാനില്ലെങ്കിൽ പിന്നെ ലോകത്തിന്റെ തന്നെ ആവശ്യമില്ല. കാരണം ദൈവം ഒരു ഉദ്ദേശത്തോടെയാണ് ലോകത്തെയും മനുഷ്യരെയും ഉണ്ടാക്കിയത്. ദൈവജനമാണ് ദൈവത്തെ പ്രതിനിധാനം ചെയ്യുന്നത്. നല്ലതും ശരിയുമായ കാര്യങ്ങൾ ലോകത്തിൽ പ്രവർത്തിക്കുവാനാണ് ദൈവം അവരെ തിരഞ്ഞെടുക്കുന്നത്. അവരാണ് ലോകത്തിന്നു വെളിച്ചവും പ്രത്യാശയും പകരുന്നത്. ജനസംഖ്യ ഓരോ ദിവസവും വർദ്ധിച്ചു കൊണ്ടിരിക്കുന്നു എന്നാൽ ഭൂമിയുടെ വിസ്തൃതി കൂടുന്നില്ല. ദൈവാനുഗ്രഹത്താലാണ് ജനങ്ങൾ പെരുകുന്നത്.

തന്റെ ജനങ്ങളിൽ നിന്നു ദൈവം എപ്പോഴും പ്രതീക്ഷിക്കുന്നത് അനുസരണമാണ്. അതിൽ മുഖ്യമായി ആവശ്യപ്പെടുന്നതു ഐക്യതയാണ്. അതായത് പരസ്പരം ഉള്ള യോജിപ്പ് ആണ് വേണ്ടത്. എന്താണ് ഒരുമിച്ചു ആയിരിക്കുക എന്നാൽ? ഐകമത്യം മഹാബലം എന്നു കേട്ടിരിക്കുമല്ലോ, അതു

വളരെ ശരിയാണ്. ദൈവജനങ്ങൾ ഒരുമിച്ചു കൂടുന്നതും ഐകമത്യപ്പെടുന്നതും വലിയ കാര്യമാണ്. ഒരുമ അല്ലെങ്കിൽ യോജിപ്പു ഉണ്ടെങ്കിൽ നമുക്കു ശക്തി പകരും; ധൈര്യവും പകരും. ഒരാൾ തന്നെ ആകുമ്പോൾ ഭയം ഉണ്ടാകും, മറിച്ചു മറ്റൊരാൾ കൂടെ ഉണ്ടെങ്കിൽ അതു നമുക്കു ധൈര്യം പകരും. ദൈവത്തെ പ്രതിനിധാനം ചെയ്യുന്നവർ മറ്റുള്ളവരെ നന്മക്കായി സ്വാധീനിക്കേണ്ടവരാണ്. അതുകൊണ്ടാണ് ദൈവം തന്റെ ജനം ഒന്നായി കാണുവാൻ ആഗ്രഹിക്കുന്നത്. അതു എങ്ങനെ സാധ്യമാകും എന്നു ദൈവം വെളിപ്പെടുത്തിയ സത്യത്തിൽ നിന്നു നമുക്കു തിരിച്ചറിയാം.

അതേ സമയം ദൈവം ഭിന്നത വെറുക്കുന്നു. ശലോമോൻ പറയുന്നു, "ആറു കാര്യം യഹോവ വെറുക്കുന്നു; ഏഴുകാര്യം അവന്നു അറപ്പാകുന്നു, ഗർവ്വമുള്ള കണ്ണും വ്യാജമുള്ള നാവും കുറ്റമില്ലാത്ത രക്തം ചൊരിയുന്ന കയ്യും ദുരുപായം നിരൂപിക്കുന്ന ഹൃദയവും ദോഷത്തിനു ബദ്ധപ്പെട്ടു ഓടുന്ന കാലും ഭോഷ്ക്കു പറയുന്ന കള്ള സാക്ഷിയും സഹോദരന്മാരുടെ ഇടയിൽ വഴക്കുണ്ടാക്കുന്നവനും തന്നേ" (സദൃശവാക്യങ്ങൾ 6:16–19). യേശു ഭൂതത്തെ പുറത്താക്കിയപ്പോൾ, ഭൂതത്തെക്കൊണ്ടാണ് അങ്ങനെ ചെയ്തതെന്നു അവനെ കുറ്റപ്പെടുത്തിയപ്പോൾ അവൻ പറഞ്ഞു, "ഒരു രാജ്യം തന്നിൽ തന്നേ ഛിദ്രിച്ചു എങ്കിൽ ശൂന്യമാകും ഒരു പട്ടണമോ ഗൃഹമോ തന്നിൽ തന്നേ ഛിദ്രിച്ചു എങ്കിൽ നില നില്ക്കുകയില്ല. സാത്താൻ സാത്താനെ പുറത്താക്കുന്നു എങ്കിൽ അവൻ തന്നിൽ തന്നേ ഛിദ്രിച്ചുപോയല്ലൊ; പിന്നെ അവന്റെ രാജ്യം എങ്ങനെ നിലനില്ക്കും?" (മത്തായി 12:25, 26) പൗലൊസ് ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചു പറഞ്ഞു.

"സഹോദരന്മാരേ, നിങ്ങൾ പഠിച്ച ഉപദേശത്തിനു വിപരീതമായ ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ചകളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണമെന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോടു അകന്നുമാറുവിൻ. ഇങ്ങനെയുള്ളവർ നമ്മുടെ കർത്താവായ ക്രിസ്തുവിനെ അല്ല, തങ്ങളുടെ വയറ്റിനെയത്രേ സേവിക്കയും ചക്കരവാക്കും

മുഖസ്തുതിയും പറഞ്ഞു സാധുക്കളുടെ ഹൃദയങ്ങളെ വഞ്ചിച്ചു കളകയും ചെയ്യുന്നു" (റോമർ 16:17, 18). ഈ വാക്യങ്ങളിലെല്ലാം ഭിന്നതകൾ അഥവാ യോജിപ്പില്ലായ്മ ദൈവേഷ്ടമല്ല എന്നാണ് വ്യക്തമാക്കുന്നത്. വിഭാഗീയത ബലം ഇല്ലാതാക്കും. അതു നിലനില്പിനുതന്നെ ഭീഷണിയാണ്. മനുഷ്യർ ദൈവഹിതത്തിനെതിരായ ഈ നീക്കം പ്രാവർത്തികമാക്കിക്കൊണ്ടിരിക്കയാണ്. ദൈവത്തിനെതിരായി പ്രവർത്തിക്കുന്നവർ പിശാചിനു അനുകൂലമായി പ്രവർത്തിക്കുന്നവരാണ്.

ഇന്നു മതപരമായ ലോകം വിഭജിക്കപ്പെട്ടിരിക്കുന്നതായി നമുക്കു കാണാം. ദൈവത്തെ പ്രതിനിധാനം ചെയ്യുന്നു എന്നും യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു എന്നും അവകാശപ്പെടുന്നവരിലും ഭിന്നതകൾ കാണുന്നുണ്ട്. അവർ അന്യോന്യം എതിർക്കുകയും ചെയ്യുന്നുണ്ട്. സംഘടനകളിലും, പള്ളികളിലും, സമുദായങ്ങളിലും വിശ്വാസികൾ ധാരാളമുണ്ട്. അവർ പ്രസംഗിക്കുന്നതു വിഭിന്നമായി, അവർ ആരാധിക്കുന്നതു വ്യത്യസ്തമായി, വ്യത്യസ്ത പ്രവൃത്തികളിലുമാണ് ഏർപ്പെടുന്നത്.. എന്നാൽ ദൈവം വിഭജിക്കപ്പെട്ടിട്ടില്ല, ദൈവ ജനവും വിഭജിക്കപ്പെട്ടിട്ടില്ല. ഇന്നു മതപരമായ ആളുകളിൽ ഭൂരിഭാഗവും ദൈവത്തെ അനുസരിച്ചല്ല ജീവിക്കയും ആരാധിക്കുകയും ചെയ്യുന്നത്. അവർ മനുഷ്യരുടെ ഉപദേശങ്ങൾ അനുസരിച്ചാണ് ആരാധിക്കുന്നത്. അവരുടെ മതാദ്ധ്യക്ഷന്മാരുടെ നിർദ്ദേശങ്ങളും സമുദായത്തിന്റെ പൊതുവിലുള്ള അഭിപ്രായവും അവർ കാര്യമായെടുക്കുന്നു. ഇതെത്ര ഖേദകരമാണെന്നു ചിന്തിക്കുക. സത്യ ദൈവത്തെയും അവന്റെ വചനത്തെയും ത്യജിയ്ക്കുകയാണ് അവർ. അതു നിമിത്തം ആളുകൾ കലക്കത്തിലാണ്. ആരാണ് യഥാർത്ഥത്തിൽ ദൈവത്തെ പ്രതിനിധാനം ചെയ്യുന്നത്? ആരാണ് അല്ലാത്തത് എന്ന് തിരിച്ചറിയുവാൻ അവർക്കു കഴിയുന്നില്ല. പിശാചാണ് മനുഷ്യരുടെ മനസ്സിനെ അന്ധതയിൽ കലക്കിയിട്ടിരിക്കുന്നത്. അവർ ചെയ്യേണ്ടത്, സത്യ ദൈവത്തിന്റെ വചനം ബൈബിളിൽ നിന്നു വായിച്ചു ദൈവത്തെക്കുറിച്ചും, അവന്റെ ജനത്തെക്കുറിച്ചും അവരുടെ പ്രവൃത്തിയെക്കുറിച്ചും

അറിയുവാൻ ശ്രമിക്കണം.

ലോകത്തിൽ ഭിന്നതയാണ് കാണുന്നതെങ്കിൽ, ദൈവവചനം ഊന്നൽ നല്കുന്നതു സമാധാനത്തിനും ഐക്യതക്കുമാണ്. കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്കു ലേഖനം എഴുതുമ്പോൾ പൗലൊസ് പറഞ്ഞു, "സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നേ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭാവിക്കാതെ ഏകമനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു" (1 കൊരിന്ത്യർ 1:10). യേശു ഭൂമിയിൽ ആയിരുന്നപ്പോൾ അപ്പൊസ്തലന്മാർക്കും അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടു യേശുവിൽ വിശ്വസിപ്പാനിരിക്കുന്നവർക്കും വേണ്ടി പ്രാർത്ഥിക്കുന്നുണ്ട്, "ഇവർക്കു വേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്ന് ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു പിതാവേ നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നേ. നീ എനിക്കു തന്നിട്ടുള്ള മഹത്വം ഞാൻ അവർക്കു കൊടുത്തിരിക്കുന്നു: നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവർ ആയിരിക്കേണ്ടതിനു തന്നേ" (യോഹന്നാൻ 17:20–23).

നാമെല്ലാം ഒന്നാകേണ്ടതിനാണ് കർത്താവു പ്രാർത്ഥിച്ചതെന്നോർക്കുക. നാം വാസ്തവത്തിൽ ഒന്നാണോ? കർത്താവിന്റെ പ്രാർത്ഥനെക്കു ഫലമുണ്ടാകുവാൻ സഹായകരമായി നാം എന്തു ചെയ്യുന്നുണ്ട്? നാം ചെയ്യുന്ന എല്ലാ പരസ്യ പ്രസംഗങ്ങളേക്കാളും അവിശ്വാസികളെ വിശ്വസിപ്പിക്കുവാൻ ദൈവ ജനം ഒന്നായിത്തീർന്നാൽ മതിയാകും. നാം പ്രസംഗിക്കുന്നതു പരിശോധിക്കുന്നതിനേ

ക്കാൾ വലുതല്ല മറ്റൊന്നും. എഫെസ്യർ 4:1-6 വരെ അപ്പൊസ്തലനായ പൗലൊസ് എഴുതി, "കർത്തൃസേവ നിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നതു, നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാം വണ്ണം പൂർണ്ണ വിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടും കൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊറുക്കയും ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്വിൻ. നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്നു, ആത്മാവു ഒന്നു, കർത്താവു ഒരുവൻ, വിശ്വാസം ഒന്നു, സ്നാനം ഒന്നു, എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവും ആയവൻ ഒരുവൻ". ദൈവവും, ആത്മാവും, ക്രിസ്തുവും ഒന്നാണ് എന്നു പറഞ്ഞിരിക്കുന്നു. എന്നാൽ ഇവിടെ നാം ഊന്നൽ നല്കുന്നതു ശരീരം ഒന്ന് എന്നതിനാണ്. കാരണം ശരീരം സഭയാണ്, സഭ ദൈവ ജനത്തെ പ്രതിനിധീകരിക്കുന്നു, ദൈവജനം ദൈവത്തെ പ്രതിനിധീകരിക്കുന്നു.

ഏകശരീരം എന്നു പറഞ്ഞിരിക്കുന്നതു സഭയെക്കുറിച്ചാണ്. ശരീരം സഭയാണെന്നു പൗലൊസ് തന്നെ പറഞ്ഞിട്ടുണ്ട്. ക്രിസ്തു ശരീരമാകുന്ന സഭയുടെ തലയാകുന്നു. യേശു ആരംഭവും മരിച്ചവരിൽ നിന്നു ആദ്യ ജാതനും ആകുന്നു. അവൻ സകലത്തിലും മുമ്പനും ആകുന്നു (കൊലൊസ്യർ 1:18). ശരീരം ഒന്നാണെങ്കിൽ, ആ ശരീരം സഭയാണെങ്കിൽ, അതു ഒന്നാണ്. എന്നാൽ ആ ഒരു സഭ ഏതാണ്? ക്രിസ്തു പണിയുമെന്നു വാഗ്ദാനം ചെയ്ത സഭയാണത് (മത്തായി 16:18). ഏ. ഡി. 33 ൽ യെരുശലേമിൽ പെന്തെക്കൊസ്തുനാളിൽ ആരംഭിച്ച സഭ (പ്രവൃത്തികൾ 2), ക്രിസ്തു മരിച്ചതും, രക്ഷകൻ ആയിരിക്കുന്നതും വീണ്ടും അവൻ വരുന്നതും ആ ഏക സഭയ്ക്കു വേണ്ടിയാണ് (എഫെസ്യർ 5). ക്രിസ്തുവിന്റെ നാമം ധരിച്ചിരിക്കുന്ന സഭയും അതാണ് (റോമർ 16:16; 1 കൊരിന്ത്യർ 12:27), അതിലെ അംഗങ്ങളെ ക്രിസ്ത്യാനികൾ എന്നാണ്

അറിയപ്പെടുന്നത് (പ്രവൃത്തികൾ 11:26). ബൈബിളിൽ വായിക്കുന്ന ഏക സഭയും ഇതാണ്. അതു കർത്താവിനുള്ളതാണ്; കർത്താവിനെ സേവിക്കയും ആരാധിക്കയും; അവനെ പ്രതിനിധീകരിക്കയും ചെയ്യുന്നു. ലോകാവസാനത്തോളം അവരോടുകൂടെ ഇരിക്കും എന്നു പറഞ്ഞവരും അവരാണ് (മത്തായി 28:20).

ദൈവത്തിലും ക്രിസ്തുവിലും വിശ്വസിക്കുവാൻ ദൈവം ആവശ്യപ്പെടുന്നു. അങ്ങനെ വിശ്വസിക്കുന്നവർ തങ്ങളുടെ പാപങ്ങളിൽ നിന്നു തിരിഞ്ഞു മാനസ്സാന്തരപ്പെട്ടു കർത്താവു ദൈവപുത്രനെന്നു ഏറ്റു പറഞ്ഞു പാപമോചനത്തിനായി സ്നാനമേല്ക്കയും ചെയ്യുന്നവരെയാണ് കർത്താവു രക്ഷിച്ചു തന്റെ സഭയോടു ചേർക്കുന്നത് (എബ്രായർ 11:6; യോഹന്നാൻ 14:1; മത്തായി 10:32; പ്രവൃത്തികൾ 2:38; പ്രവൃത്തികൾ 2:47). ഇങ്ങനെ ചെയ്യുന്നവരെല്ലാം കർത്താവിന്റെ സഭയിൽ അംഗങ്ങളായിരിക്കും. അവർ പിന്നീട് ഒന്നായി ജീവിക്കും. അറിയപ്പെടുന്നതു ബൈബിളിലെ ഏക നാമത്താൽ ആയിരിക്കും. അവർ എല്ലാവരും ഏക വിശ്വാസത്തിലും ഏക ഉപദേശത്തിലും അവസാനത്തോളം നിലനില്ക്കും. മറ്റുള്ളവർ എന്തു ചെയ്യുമെന്നു നോക്കുകയില്ല. നാം കർത്താവിന്റെ ഇഷ്ടം നിറവേറ്റുന്നുണ്ടോ എന്നു ചിന്തിക്കുക. നാം ഏകാത്മാവിനാൽ ഐകമത്യപ്പെട്ടു സമാധാനത്തോടെ ദൈവ പക്ഷത്തുള്ളവർ എന്നു ലോകം വിശ്വസിപ്പാൻ ഇടയാകട്ടെ.

## നാം ദൈവത്തിൽ വിശ്വസിക്കുന്നതെന്തുകൊണ്ട്

**ജോർജ്. ഡബ്ലിയു. ഡി.**

പലരും പല കാരണങ്ങൾ കൊണ്ട് ദൈവത്തിൽ വിശ്വസിക്കുന്നവരാകണം. ദൈവത്തിന്റെ അസ്തിത്വത്തെ നമുക്കു തെളിയിക്കുവാൻ കഴിയുമോ? അറിയുവാൻ താല്പര്യമില്ലാത്തവർക്കോ, ദൈവം ഇല്ലെന്നു മനഃപ്പൂർവ്വം തർക്കിക്കുവാൻ വേണ്ടി വാദിക്കുന്നവരോടും പ്രയാസമാണ്. കാരണം അവരുടെ ആവശ്യം ദൈവത്തെ ഭൗതികമായികാണിച്ചു

കൊടുക്കണം എന്നതാണ്. അതു തികച്ചും അസാദ്ധ്യമത്രെ കാരണം ദൈവം ആത്മിയനാണ്.

1. നിരീശ്വരവാദം തെളിയിക്കുവാൻ കഴിയാത്തതു കൊണ്ടു, നാം ദൈവത്തിൽ വിശ്വസിക്കുന്നു.

എല്ലാ നിരീശ്വരവാദികളും ഒരു നിർബ്ബന്ധസ്ഥിതി സ്വീകരിച്ചിരിക്കും. അയാൾ ഇതു പറയുമ്പോഴും അയാൾക്കു മുകളിൽ ദൈവം ഉണ്ട് എന്ന തെളിവാണുള്ളത്. "ദൈവം ഇല്ല" എന്നു പറയുന്ന ആൾ ആദ്യം തന്നെ അയാളെ സൃഷ്ടിച്ചതല്ല എന്നു പറയണം. ദൈവം ഭൗതികലോകത്തിലും ആത്മിക ലോകത്തിലും കാലത്തിലും നിത്യതയിലും. ഒരാൾ ദൈവം ഇല്ല എന്നു പറയുവാൻ അയാൾ തന്നെഞാൻ ആകണം - സർവ്വജ്ഞാനിയാണെങ്കിലേ അപ്രകാരം അധികാരികളായി പറയാൻ പറ്റു. അല്ലെങ്കിൽ അയാൾക്കു അറിഞ്ഞുകൂടാത്തതു ദൈവം ഇല്ല എന്നായിരിക്കും.

2. നിത്യമായ നില നില്പു വസ്തുവല്ല - ദൈവമാണ് എന്നതുകൊണ്ട് നാം ദൈവത്തിൽ വിശ്വസിക്കുന്നു.

ഒരു സംശയാലു അടുത്ത സമയത്തു എന്നോടു പറഞ്ഞു താൻ ബൈബിളിന്റെ സഹായത്താലല്ല, യുക്തിയാലാണ് നിത്യമായ നിലനില്പ് അന്വേഷിക്കുന്നത്. അയാൾക്ക് ബൈബിൾ യുക്തമായി തോന്നണമെന്നില്ല. അല്ലെങ്കിൽ മനുഷ്യർക്കു പൂർണ്ണമായ വിവേചനം നടത്തുവാനുള്ള കഴിവുമില്ല. മനുഷ്യർ എപ്പോഴും തെളിയിച്ചിട്ടുള്ളതു അവരുടെ അപൂർണ്ണതയാണ്. എങ്കിലും നമുക്കു അയാളുടെ നിർദ്ദേശം എടുത്തു യുക്തി പരമായി എന്തു പഠിപ്പിക്കുന്നു എന്നു നോക്കാം.

ഇന്നു ഉള്ള ചിലതു, എല്ലായ്പ്പോഴും ഒന്നുമില്ലാതിരുന്ന സമയം എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ? ഒന്നുമില്ലായ്മയിൽ നിന്നു ഒന്നും വരുവാനിടയില്ല. ഒരു കാരണവും കൂടാതെ ഒരു സംഭവവുമില്ല. ഈ പ്രസ്താവനകൾ, അതുകൊണ്ടു വ്യക്തമാക്കുന്നത് ചിലതു നിത്യത മുതൽ ഉണ്ടായിരുന്നു എന്നാണ്.

രണ്ടു കാര്യങ്ങൾ നിലനില്ക്കുന്നുണ്ട്-മനസ്സും വസ്തുവും (ശക്തിയല്ല ഊർജ്ജമാണ് ഒന്നിൽ അല്ലെങ്കിൽ

മറ്റൊന്നിൽ പ്രദർശിപ്പിക്കുന്നത്). നിത്യമായി നിലനില്ക്കുന്നവയെ സംബന്ധിച്ച മൂന്നു കാര്യങ്ങൾ നമുക്ക് ഊഹിക്കാം. മനസ്സും വസ്തുവും രണ്ടും നിത്യമാണ്. ചിലർ പറയുന്നതു മനസ്സും വസ്തുവും എന്നേക്കും നിലനില്ക്കും എന്നാണ്. ദൈവവിശ്വാസം ഉറപ്പിക്കുന്നത് മനസ്സുനിത്യമാണ് എന്നാൽ വസ്തു മനസ്സിന്റെ സൃഷ്ടിയാണ്. മനുഷ്യമനസ്സിനു സൃഷ്ടി അസാധ്യമായിരിക്കെ അമാനുഷ മനസ്സിനേ അതിനുകഴിയു. അങ്ങനെ നാം ദൈവത്തിൽ എത്തിച്ചേരുന്നു.

നിരീശ്വരവാദത്തിനു അടിസ്ഥാനമില്ലാത്തതുകൊണ്ട് പ്രയാസം നീക്കം ചെയ്യുവാൻ രണ്ടു നിത്യമായ കാര്യങ്ങൾ തരുന്നു എന്നതു അവ്യക്തമാണ്. അതു തന്നെ മനുഷ്യരെ രണ്ടു തട്ടുകളിലാക്കുന്നു. ഒരു കൂട്ടർ പറയുന്നു വസ്തു നിത്യമാണ്, മനസ്സ് സൃഷ്ടിക്കപ്പെട്ടതാണ്, അതായതു ബുദ്ധിയും ജീവനും; മറ്റൊരു കൂട്ടർ കരുതുന്നതു മനസ്സു - സർവ്വശക്തനായ ദൈവം - നിതൃതമുതൽ ഉണ്ടെന്നും അവനാണ് പ്രപഞ്ചത്തെയും വസ്തുക്കളെയും ഉണ്ടാക്കിയതെന്നും ആണ്. ഇതിൽ ഏതാണ് യുക്തി പരം?

നിത്യമായ ശക്തി മനസ്സാണ്, വസ്തുവല്ല എന്നു വിശ്വസിക്കുന്നതു ഏറ്റവും യുക്തിസഹജമാണ്. (1) മനസ്സു വസ്തുവിനേക്കാൾ ഉയർന്നതാണ്. മനസ്സിനു അറിയാൻ കഴിയും, പക്ഷെ വസ്തു അറിയപ്പെടുന്നതാണ്. മനസ്സു ചലിക്കയും വസ്തുവിനെ പരിഷ്ക്കരിക്കയും ചെയ്യുന്നു. വസ്തു മനസ്സിന്റെ സേവകനാണ്. മരുന്നുണ്ടാക്കുന്നവൻ മരുന്നിനേക്കാൾ ശ്രേഷ്ഠനാണ്. അവന്റെ മനസ്സു ശരീരത്തേക്കാൾ വലുതാണ്. മനസ്സു സഹായിക്കയും ചിലപ്പോൾ നശിപ്പിക്കയും ചെയ്യും (2) നിതൃത മുതൽ ഉണ്ടായിരുന്നതു തുടരുന്ന ശക്തിയാണ്. തുടർച്ചയില്ലെങ്കിൽ അതു സ്ഥിരമായിരിക്കും, ശക്തി കൂടാതെ സംഭവം അസാദ്ധ്യമാണ്. മനസ്സിനു ഈ ഗുണങ്ങൾ എല്ലാം ഉണ്ട്. അതിനു ശരീരത്തെ ചലിപ്പിക്കുവാനും സംഭവങ്ങൾക്കു കാരണമാക്കുവാനും കഴിയും. വസ്തുക്കളിൽ ഈ ഗുണങ്ങൾ ഒന്നുമില്ല. വസ്തുവിനു അതിന്റേതായ അവസ്ഥയിൽ ഇരിക്കാനേ കഴിയു. വസ്തുവിനു സ്വയമായി ആ അവസ്ഥയ്ക്കു മാറ്റം

വരുത്തുവാൻ കഴിയുന്നില്ല.

(3) ആരംഭത്തിൽ ഉള്ള ഒന്നിനു മറ്റു ഗുണങ്ങൾ ഉണ്ട് പക്ഷെ അവയൊന്നും വസ്തുവിനു ഇല്ല. ആരംഭത്തിൽ സൃഷ്ടിക്കപ്പെട്ട അവസ്ഥയിൽ തന്നെ കാണപ്പെടുകയോ അല്ലെങ്കിൽ രൂപഭേദം വരികയോ ചെയ്തേക്കാം. മനസ്സിനു ചിന്തിക്കാൻകഴിയും, പദ്ധതി തയ്യാറാക്കാൻ കഴിയും, തോന്നാൻ കഴിയും, സ്നേഹിക്കുവാനും വെറുക്കുവാനും ധാർമ്മികമായി വകതിരിവു നടത്തുവാനും നന്മതിന്മകൾ വിവേചിപ്പാനും കഴിയും. ഇവയിൽ നിന്നും തന്നെ ഒരു വസ്തുവിനു ഇല്ല എന്നു സാമാന്യബോധമുള്ള എല്ലാവർക്കും അറിയാം. ഈ ശക്തികൾ മനസ്സിനുണ്ട്. അതുകൊണ്ട് മനസ്സു നിത്യമാണ്; വസ്തുവല്ല. മുഖ്യവ്യത്യാസം ഈ വിഷയത്തിൽ കാണുന്നതിന്റെ കാരണം നമുക്കു മനസ്സും വസ്തുവും തമ്മിലുള്ള വ്യത്യാസം അറിയില്ല എന്നതാണ്. തീർച്ചയായും അവ രണ്ടിനെക്കുറിച്ചും എല്ലാം നമുക്ക് അറിയില്ല. പക്ഷെ അവ രണ്ടിനെ കുറിച്ചും ചിലതെല്ലാം നമുക്ക് അറിയാം. അവക്കു രണ്ടിനും മറ്റുള്ളവക്കുള്ളതു പോലെ പൊതുവായ ചില വിശേഷതകൾ ഉണ്ട്. നിലനില്ക്കുന്നു എന്നതാണ് രണ്ടിനും പൊതുവായുള്ള ഗുണം. വസ്തുവിനെ അതിന്റെ ഗുണങ്ങളാൽ അറിയപ്പെടുന്നു, പക്ഷെ മനസ്സിനെ അതിന്റെ പ്രവൃത്തികളാൽ അറിയപ്പെടുന്നു.

ഒന്നു കടന്നു പോകുന്നതും മറ്റേതു പ്രവർത്തിക്കുന്നതുമാണ്. ഒന്നിനു ബോധമില്ല, മറ്റൊന്നിനു നിറയെ ചിന്തയും ബോധവും ഉണ്ട്. ഒന്നു നിർജീവവും മറ്റൊന്നു ജീവിക്കുന്നതുമാണ്. ഒന്നിനു മാറ്റം സംഭവിക്കുന്നു. മറ്റൊന്നു ധാർമ്മികവും നിയമപരവുമായി ബുദ്ധിപരമായി പ്രവർത്തിക്കുന്നു. മനസ്സിനേയും വസ്തുവിനേയും ചോദ്യം ചെയ്യാം. ചില തത്വജ്ഞാനികൾ പറഞ്ഞിട്ടുണ്ട് മനസ്സു വെളിപ്പെടുത്തിയതു കൊണ്ടാണ് വസ്തുക്കൾ ഉള്ളത് എന്ന്.

3. ബുദ്ധി വൈഭവം കാര്യകാരണത്തോടെ പ്രപഞ്ചം വെളിപ്പെടുത്തുന്നതുകൊണ്ടാണ് നാം ദൈവത്തിൽ

വിശ്വസിക്കുന്നത്.

മനുഷ്യൻ ചെയ്യുന്ന എല്ലാ പ്രവൃത്തികളും കാര്യകാരണ സിദ്ധാന്തത്തിനു ഉദാഹരണങ്ങളാണ്. ഒരു വീട് നാം കാണുമ്പോൾ അതിനു ഒരു നിർമ്മാതാവു ഉണ്ടെന്നു നാം അറിയുന്നു. "ഓരോ വീടും പണിതതു ചില മനുഷ്യരാണ്". നാം ആ വീടു പണിതവനെ കാണുന്നില്ലെങ്കിലും, നിർമ്മാതാവിന്റെ അസ്തിത്വം നാം നിഷേധിക്കുന്നില്ല. ഞാൻ എന്റെ വാച്ചു നോക്കുന്നു. അതു ബുദ്ധിയുള്ള ഒരു മനുഷ്യൻ ഉണ്ടാക്കിയതാണ്. വാച്ചുണ്ടാക്കിയ ആളെ ഞാൻ കണ്ടിട്ടില്ലെങ്കിലും അയാൾ ഉണ്ടായിരുന്നു എന്നും വാച്ചിന്റെ നിർമ്മാതാവു എന്ന നിലയിൽ അയാളെ കുറിച്ചു ചിലതെല്ലാം എനിക്ക് അറിയാം. അതുപോലെ ദൈവം ഉണ്ടാക്കിയ പ്രപഞ്ചത്തിൽ നിന്നും പ്രപഞ്ചവസ്തുക്കളിൽ നിന്നും നമുക്ക് ദൈവത്തെക്കുറിച്ച് ചിലതൊക്കെ അറിയാം.

നമ്മുടെ പട്ടണത്തിലെയും രാജ്യത്തിലേയും വൈദ്യുതിയ്ക്ക് ഒരു ഉത്പാദകനില്ലേ? പിന്നെ മനുഷ്യന്റെ തലച്ചോറും നട്ടെല്ലും നാഡീവ്യൂഹങ്ങളുമോ? ടെലസ്ക്കോപ്പു യാദൃശ്ചികമായി ഉണ്ടായതാണോ? ഇല്ലെങ്കിൽ അതിന്റെ പിന്നിൽ ഒരു നിർമ്മാതാവുണ്ടല്ലോ? നമ്മുടെ രാജ്യം മുഴുവൻ ഒഴുകിക്കൊണ്ടിരിക്കുന്ന ജലവിഭവമോ? നമ്മുടെ ശരീരത്തിലെ പേശികളും ധമനികളുമോ?

രാത്രി ആകാശത്തിലേക്കു നോക്കുക. അവിടെക്കാണുന്ന താരവ്യൂഹങ്ങൾ നമ്മുടെ നഗ്നനേത്രങ്ങളാൽ എണ്ണാവുന്ന നക്ഷത്രങ്ങൾ എത്രയുണ്ട്? ടെലസ്ക്കോപ്പ് ഉപയോഗിച്ചു നോക്കിയാൽ ദശലക്ഷക്കണക്കിനു നക്ഷത്രങ്ങൾ കാണാം. അവ അന്യോന്യം കൂട്ടിമുട്ടുന്നില്ല. അവയൊന്നും യാദൃശ്ചികമായി ഉണ്ടായതല്ല. മനുഷ്യൻ അവയുടെ ദൂരം കണക്കാക്കാൻ ശ്രമിച്ചിട്ടുണ്ട് ഗ്രഹങ്ങളെ കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. വിവിധ പരീക്ഷണങ്ങളും ഗവേഷണങ്ങളും നടത്തിക്കൊണ്ടിരിക്കുന്ന മനുഷ്യൻ അവ ഉണ്ടാക്കിയ ദൈവത്തെയാണ് അന്വേഷിക്കേണ്ടത്. ഇവയെല്ലാം നിർമ്മിച്ച ദൈവം എത്ര ശക്തനാണ്

എന്നു തിരിച്ചറിഞ്ഞു വിശ്വസിക്കണം.

4. ലോകത്തിലുള്ള ധാർമ്മിക ഭരണങ്ങളിൽ ഒരു ധാർമ്മിക നാടുവാഴി ഉള്ളതുകൊണ്ടു നാം ദൈവത്തിൽ വിശ്വസിക്കുന്നു.

ധാർമ്മിക ഭരണത്തിന്റെ ഒരു വിഷയമാണ് മനുഷ്യൻ. അവന്റെ മനസ്സാക്ഷി നന്മയും തിന്മയും ഉണ്ടെന്നു പറയുകയും, നന്മ ചെയ്യണമെന്നു പറയുകയും ചെയ്യും. മനുഷ്യന്റെ ഹൃദയം പറയും നീതി നിർവ്വഹിക്കണം എന്ന്. എല്ലാവർക്കും മുകളിൽ ഒരാൾ എല്ലാവരിലും നീതി പുലർത്തുവാൻ ആഗ്രഹിക്കുന്നു. കുറ്റമുള്ളവരെല്ലാം കണക്കു കൊടുക്കേണ്ട ദിവസത്തെ ഭയപ്പെടുന്നു. അവർ ചെയ്തിട്ടുള്ളതെല്ലാം ഉയർന്ന കോടതിയിൽ വിചാരണക്കു വരും. നന്മക്കു വേണ്ടി നിലകൊള്ളുന്ന; ദൈവത്തിൽ വിശ്വസിക്കുന്നവർക്കു അവരുടെ പ്രവൃത്തികൾക്കു വിജയം ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്. നമ്മുടെ പ്രവൃത്തികൾ സത്യവും നീതിയും ആണെങ്കിൽ അതിന്റെ ഫലം സുനിശ്ചിതമായിരിക്കും. നമ്മുടെ ആത്മാക്കളുടെ നങ്കൂരമായി, അഭയകേന്ദ്രമായി നമുക്കു ദൈവത്തിൽ ആശ്രയിക്കാം. ജീവിതത്തിൽ നമുക്കു അതിജീവിക്കുവാൻ ശുഭാപ്തിവിശ്വാസം തരുവാൻ വിശ്വാസത്തിനു കഴിയും.

5. ശാസ്ത്രജ്ഞന്മാരിൽ പ്രമുഖരും തത്വജ്ഞാനികളിൽ അനേകരും എല്ലാകാലത്തും ദൈവത്തിൽ വിശ്വസിച്ചതുകൊണ്ട് നമുക്കു ദൈവത്തിൽ വിശ്വസിക്കാം.

ചിലരുടെ മനസ്സിൽ ദൈവത്തിൽ വിശ്വസിക്കാതിരുന്നവരുടെ ചിത്രമാണ്. ദൈവം ഇല്ല എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു എന്നാണ് തിരുവെഴുത്തു പറയുന്നത്. ശാസ്ത്രജ്ഞന്മാരായ ഗലീലിയോ ഐസക്ന്യൂട്ടൻ എന്നിവർ ബൈബിളിൽ വിശ്വസിച്ചു. കാരണം ദൈവം അരുളിച്ചെയ്തതു സത്യമാണെന്നു അവർക്കു തെളിയിക്കുവാൻ കഴിഞ്ഞു. സകലത്തെയും നിയന്ത്രിക്കുവാൻ കഴിയുന്നതു അവയെ ഉണ്ടാക്കിയ ആൾക്കു മാത്രമാണ്. മനുഷ്യർ കണ്ടുപിടിച്ചയാഥാർത്ഥ്യങ്ങൾക്കു പിന്നിൽ പരമോന്നതൻ ഉണ്ടെന്ന സത്യം സത്യമായി നില നിൽക്കുന്നു. ഇതു കൂടാതെ

പ്രപഞ്ചത്തിലെ കാലവും അതിരുകളും കാലാവസ്ഥയും എല്ലാം സൂചിപ്പിക്കുന്നത് ഈ സത്യമാണ്. ഇനിയും ധാരാളം തെളിവുകൾ ദൈവം ഉണ്ട് എന്നതിനു നിരത്തുവാൻ കഴിയും. എന്നാൽ ഇപ്പോൾ ഇത്രയും മതിയാകും.

✶

## നിങ്ങൾ ആരെ സേവിക്കും?

### ദില്ലാർഡ് തർമാൻ

യേശു പറഞ്ഞു, "രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴിയുകയില്ല; അങ്ങനെ ചെയ്താൽ ഒരുത്തനെ പകച്ചുമറ്റവനെ സ്നേഹിക്കും. അല്ലെങ്കിൽ ഒരുത്തനോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും. നിങ്ങൾക്കു ദൈവത്തെയും മാമോനേയും സ്നേഹിപ്പാൻ കഴിയുകയില്ല" (മത്തായി 6:24). ആർക്കും രണ്ടു യജമാനന്മാരെ സേവിപ്പാൻ കഴിയുകയില്ല എന്നു പറഞ്ഞതിനാൽ ആരെയെങ്കിലും ഒരാളെ സേവിക്കുക തന്നെ ചെയ്യും. ഒന്നുകിൽ ദൈവത്തെ അല്ലെങ്കിൽ മാമോനെ. കർത്താവു മറ്റൊന്നു പറഞ്ഞു, "എനിക്കു അനുകൂലമല്ലാത്തവൻ, എനിക്കു പ്രതികൂലമാകുന്നു. എന്നോടുകൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു" (ലൂക്കൊസ് 11:23).

അപ്പൊസ്തലനായ പൗലൊസ് എഴുതി, "നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെത്തന്നെ സമർപ്പിക്കയും നിങ്ങൾ അനുസരിച്ചു പോരുകയും ചെയ്യുന്നവന്നു ദാസന്മാർ ആകുന്നു എന്നു അറിയുന്നില്ലയോ? ഒന്നുകിൽ മരണത്തിനായി പാപത്തിന്റെ ദാസന്മാർ, അല്ലെങ്കിൽ നീതിക്കായി അനുസരണത്തിന്റെ ദാസന്മാർ തന്നേ. എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു പാപത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിച്ചു നീതിക്കു ദാസന്മാരായി തീർന്നതുകൊണ്ടു ദൈവത്തിന്നു സ്തോത്രം" (റോമർ 6:16-18). ദൈവശ്വാസിയരായ മനുഷ്യർ സുവിശേഷം പ്രസംഗിച്ചതുകേട്ടപ്പോൾ നാം അടിമനുകം വലിച്ചെറിഞ്ഞു. കർത്താവു നിർദ്ദേശിച്ച ഉപദേശരൂപമാണ് അവർ

ജനങ്ങളിലേക്കു കൈമാറിയത് (മർക്കൊസ് 16:15). പൗലൊസ് പറയുന്നതു, "ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു, തിരുവെഴുത്തുകൾ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു കേഫാവിന്നും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചതു തന്നേ ആദ്യമായി ഏല്പിച്ചുതന്നു" (1 കൊരിന്ത്യർ 15:3-5). അവൻ പ്രസംഗിച്ചതു ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പു എന്നിവയാണ്. നാം വാസ്തവത്തിൽ മാനസ്സാന്തരപ്പെടുമ്പോൾ നാം പാപശരീരത്തെമരിപ്പിക്കുന്നു. പിന്നെ സ്നാനമെന്ന പ്രവൃത്തിയാൽ നാം ആ പാപങ്ങളെ വെള്ളമാകുന്ന കല്ലറയിൽ അടക്കം ചെയ്തു ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു എഴുന്നേല്ക്കുന്നു (റോമർ 6:3-7).

ക്രിസ്തുവിന്റെ നുകം ഏല്ക്കുവാനായി നമ്മെ അവൻ ക്ഷണിക്കുന്നു. അവൻ അപേക്ഷിക്കുന്നു, "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ; എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമടു ലഘുവും ആകുന്നു" (മത്തായി 11:28-30). സാത്താൻ തരുന്ന ഭാരവുമായി ഈ നുകത്തെ താരതമ്യം ചെയ്താൽ എത്ര വ്യത്യാസമുള്ളതാണ് എന്നു തിരിച്ചറിയും! സാത്താന്റെ അസഹനീയ നുകത്തിനു പകരം കർത്താവു തരുന്നതു ആത്മീയ അനുസരണമെന്ന ലഘുവായ നുകമാണ്.

അടിമനുകത്തിലായിരിക്കുമ്പോൾ, നാം അവിശ്വാസികളോടുള്ള ബന്ധത്തിൽ ആയിരുന്നു: ക്രിസ്തുവിനോടു എതിർക്കുന്ന എല്ലാവരോടും കൂടെയായിരുന്നു, പിശാചിന്റെ വയൽ പ്രദേശത്തായിരുന്നു, അവന്റെ ഇഷ്ടം പ്രവർത്തിച്ചുകൊണ്ടിരുന്നു. അതുകൊണ്ടു പൗലൊസ് മുന്നറിയിച്ചു, "നിങ്ങൾ അവിശ്വാസികളോടു ഇണയില്ലാപ്പിണ കൂടരുത്; നീതിക്കും അധർമ്മത്തിന്നും തമ്മിൽ എന്തോരു ചേർച്ച? ക്രിസ്തുവിന്നും

ബെലിയാലിന്നും തമ്മിൽ എന്തു പൊരുത്തം? അല്ലാ, വിശ്വാസിക്കു അവിശ്വാസിയുമായി എന്തു ഓഹരി? ദൈവാലയത്തോടു വിഗ്രഹങ്ങൾക്കു എന്തു യോജ്യത? നാം ജീവനുള്ള ദൈവത്തിന്റെ ആലയമല്ലോ. ഞാൻ അവരിൽ വസിക്കയും അവരുടെ ഇടയിൽ നടക്കയും ചെയ്യും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആകും. എന്നു ദൈവം അരുളിചെയ്തിരിക്കുന്നുവല്ലോ. അതുകൊണ്ടു അവരുടെ നടവിൽ നിന്നു പുറപ്പെട്ടു വേർപ്പെട്ടിരിപ്പിൻ എന്നു കർത്താവു അരുളിചെയ്യുന്നു; അശുദ്ധമായതു ഒന്നും തൊടരുത്, എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും എന്നു സർവ്വശക്തനായ കർത്താവു അരുളിച്ചെയ്യുന്നു" (2 കൊരിന്ത്യർ 6:14–17). നാം പാപത്തിനു അടിമപ്പെട്ടിരുന്നപ്പോൾ നാം ദുഷ്ടന്മാരായ ആളുകളോടൊപ്പമായിരുന്നു. നാം കർത്താവിന്റെ അനുസരണ നുകം ഏറ്റെടുത്തപ്പോൾ, നമ്മുടെ ബന്ധം ഭൂമിയിലെ ഏറ്റവും നല്ല ദൈവമക്കളോടൊപ്പം ആയി.

ഫിലിപ്പിയയിലെ വിശുദ്ധന്മാർക്കു ലേഖനം എഴുതുമ്പോൾ പൗലൊസ് പറഞ്ഞതു അവർ "സാക്ഷാൽ ഇണയാളികൾ" എന്നാണ് കാരണം അവർ എല്ലാവരും ഒരേ സത്യത്തിനും നീതിക്കും വേണ്ടി നിലകൊണ്ടവർ ആയിരുന്നു. ആ ബന്ധം കൂടുതൽ വ്യക്തമാക്കുന്നതാണ് താഴെ പറയുന്ന വാക്കുകൾ "ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളും അല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രേ. ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു" (എഫേസ്യർ 2:19,20). നാം കർത്താവിൽ അനുസരണത്തിന്റെ നുകം ഏല്ക്കുമ്പോൾ തീർച്ചയായും നാം നന്നാവും.

നാം പാപത്തിനു അടിമപ്പെട്ടിരുന്നപ്പോൾ, അടിസ്ഥാന ആവശ്യങ്ങൾക്കായി ബദ്ധപ്പെട്ടുകൊണ്ടിരുന്നു. അന്നു ലോക സ്നേഹമാണ് ഏറ്റവും ഉയർന്നുനിന്നത്. പക്ഷെ നമ്മെ മുന്നറിയിച്ചിരിക്കുന്നത്, "ലോകത്തെയും ലോകത്തിലുള്ള

തിനേയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതെല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽ നിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു, ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ജീവിക്കുന്നു" (1 യോഹന്നാൻ 2:15-17). ഭൂമിയിലുള്ള വസ്തുക്കളിൽ മനസ്സു വെച്ചിരിക്കുന്നവർ ഭൂമിയും അതിലുള്ളതും ഇല്ലാതാകുമ്പോൾ എന്തു ചെയ്യും? എന്നാൽ ദൈവത്തെ അനുസരിച്ചു ദൈവ വചന പ്രകാരം ജീവിക്കുന്നവർ അവസാനം പിതാവായ ദൈവത്തോടുകൂടെ എന്നേക്കും വസിക്കും. അതാണ് ദൈവ വാഗ്ദാനം യേശു പറഞ്ഞതു ഓർമ്മയുണ്ടല്ലോ, "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ, എന്റെ കല്പനകളെ കാത്തുകൊള്ളും" (യോഹന്നാൻ 14:15). ഇതു നമ്മെ രാജകീയ സേവനത്തിലേക്കു ഉയർത്തുന്നു.

ഒരാൾ കർത്താവിന്റെ അനുസരണ നുകം ഏല്ക്കുമ്പോൾ, അവന്റെ സ്നേഹവും അടുപ്പവും ആത്മീയകാര്യങ്ങളിൽ ആയിരിക്കും. ക്രിസ്തുവിന്റെ നുകം ഏറ്റവരായവരോടു പറഞ്ഞിരിക്കുന്നത്, "ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലതുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ ഭൂമിയിലുള്ളതല്ല, ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ. നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു" (കൊലൊസ്യർ 3:1-2). സ്വയമായി കർത്താവിനെ അനുസരിക്കുന്ന പാത പിൻപറ്റിയാൽ അതു യജമാനന്റെ സ്നേഹത്തിനു പാത്രമാകും. നമ്മുടെ സ്നേഹം പിന്നെ അവങ്കലേക്കു തിരിയും. "നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു. അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാര ശക്തി കൊണ്ടു നമ്മുടെ താഴ്മയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും" (ഫിലിപ്പിയർ 3:20-21).

ഇത്തരം ഒരു യജമാനനെ ആരാണ് സ്നേഹിക്കാത്തത്?

പാപത്തിന്റെ അടിമ നുകം അടിച്ചേല്പിക്കപ്പെട്ടവർക്കു വാസ്തവത്തിലുള്ള സ്വാതന്ത്ര്യം ക്രിസ്തു എന്ന വീണ്ടെടുപ്പുകാരനിൽ കണ്ടെത്താൻ കഴിയും. "സ്വാതന്ത്ര്യത്തിനായി ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി, ആകയാൽ അതിൽ ഉറച്ചു നിൽപിൻ; അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്" (ഗലാത്യർ 5:1). ക്രിസ്തുവിന്റെ അനുസരണം എന്ന നുകം നാം ഏല്ക്കുമ്പോൾ മോശെയുടെ ന്യായപ്രമാണം എന്ന അടിമത്വവും നാം വലിച്ചെറിയുന്നു. പത്രൊസ് ഈ സ്വാതന്ത്ര്യത്തെപ്പറ്റി പറയുന്നു. "ആകയാൽ നമ്മുടെ പിതാക്കന്മാർക്കും നമുക്കും ചുമപ്പാൻ കഴിഞ്ഞിട്ടില്ലാത്ത നുകം ശിഷ്യന്മാരുടെ കഴുത്തിൽ വെപ്പാൻ നിങ്ങൾ ഇപ്പോൾ ദൈവത്തെ പരീക്ഷിക്കുന്നതു എന്തു?" (പ്രവൃത്തികൾ 15:10).

അനുസരണ നുകം ഏല്ക്കുവാൻ മനസ്സുള്ളവർക്കു മനോഹരമായ സ്വാതന്ത്ര്യമാണ് ലഭിക്കുന്നത്. യേശു പറയുന്നു നിങ്ങൾ സത്യം അറിയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും (യോഹന്നാൻ 8:32). സത്യം അനുസരിക്കുമ്പോഴാണ് പാപത്തിന്റെ അടിമത്വത്തിൽ നിന്നു നമുക്കു സ്വാതന്ത്ര്യം കിട്ടുന്നത് (റോമർ 6:16-18). സത്യം അനുസരിക്കുമ്പോൾ ആത്മാക്കൾ നിർമ്മലീകരിക്കപ്പെടുന്നു (1 പത്രൊസ് 1:22). പുതിയ നിയമം സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ പ്രമാണമാണ്. ദൈവം നമ്മെ സുവിശേഷത്താൽ വിളിച്ചു വേർതിരിച്ചിരിക്കയാണ്. "സഹോദരന്മാരെ നിങ്ങൾ സ്വാതന്ത്ര്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. ഈ സ്വാതന്ത്ര്യം ജഡത്തിനു അവസരമാക്കുക മാത്രം ചെയ്യാതെ സ്നേഹത്താൽ അന്യോന്യം സേവിപ്പിൻ" (ഗലാത്യർ 5:13). ഇന്നത്തെ മതപരമായ ആളുകൾ നമ്മളെത്തന്നെ പാപത്തിനു അടിമകളാക്കി വെച്ചുകൊണ്ടു മറ്റുള്ളവർക്കു സ്വാതന്ത്ര്യത്തെ വാഗ്ദാനം ചെയ്യുന്നവരാണ്. ഒരുത്തൻ ഏതിനോടു തോല്ക്കുന്നുവോ അതിന്നു അടിമപ്പെടുകയാണ്. അങ്ങനെയുള്ളവർക്കു വേണ്ടി ഇനി ഒരു യാഗവും അവശേഷിക്കുന്നില്ല. നിത്യശിക്ഷാവിധി മാത്രമെയുള്ളു (2

പത്രൊസ് 2:19-22).

★

## അബ്രഹാം

**ഹാൻസ്. ജെ. ഡി.**

ദൈവ വചനം പ്രസംഗിക്കുന്ന വേദികളിൽ എല്ലാം തന്നെ മുഴങ്ങിക്കേൾക്കാറുള്ള പേരുകളിൽ ഒന്നാണ് അബ്രഹാം. പിതാക്കന്മാരുടെ പട്ടികയിലാണ് അവന്റെ പേർ വിശ്വാസികളുടെ പിതാവായി അറിയപ്പെടുന്നത്. കാരണം അവന്റെ വിശ്വാസം ദൈവത്താൽ അംഗീകരിക്കപ്പെട്ടു. ദൈവം അരുളിച്ചെയ്തതിനെ സംശയിക്കാതെ അങ്ങനെ തന്നെ ചെയ്തവനാണ് അവൻ. അവനു ദൈവം വാഗ്ദാനങ്ങളും അനുഗ്രഹങ്ങളും നല്കിയിട്ടുണ്ട് അങ്ങനെ നിരവധി പ്രത്യേകതകൾ അവന്റെ ജീവിതത്തിലുണ്ട്. വിശ്വാസത്താൽ പരീക്ഷിക്കപ്പെട്ടവൻ ആയിരുന്നു. ബൈബിൾ വായിച്ചു മനസ്സിലാക്കിയവരുടെ മനസ്സിൽ അബ്രഹാമിന്റെ ചിത്രം എപ്പോഴും ഉണ്ടാകും. തിരുവെഴുത്തിൽ അവനെ കുറിച്ചു പ്രതിപാദിക്കുന്ന ഏതാനും കാര്യങ്ങൾ നമുക്ക് ഇവിടെ എടുക്കാം.

ബൈബിൾ രൂപപ്പെടുത്തിയിരിക്കുന്നതു പാപത്തിൽ വീണുപോയ മനുഷ്യരെ ക്രിസ്തുവിൽ വീണ്ടെടുക്കുന്നതിനെ വിശദമായി വെളിപ്പെടുത്തു ഗ്രന്ഥമായിട്ടാണ്. ബൈബിളിലെ ആദ്യ പുസ്തകമായ ഉല്പത്തി അറിഞ്ഞാലേ ബൈബിൾ മനസ്സിലാകയുള്ളു. ഉല്പത്തി പുസ്തകത്തിലെ വ്യക്തികളിൽ പ്രാമുഖ്യമുള്ള വ്യക്തിത്വത്തിനുടമയായിരുന്നു അബ്രഹാം. മശിഹാവംശാവലി ആദാമിന്റെ സന്തതി ശേത്തിൽ നിന്നു നോഹയുടെ സന്തതി ശേത്തിൽ തുടർന്നു അബ്രഹാമിനെ വിളിച്ചു മശിഹാദേശത്തിന്റെ തന്നെ പിതാവാക്കിതീർന്നു. ഒരു ദേശത്തെ മറ്റു ദേശങ്ങളിൽ നിന്നു വേർതിരിച്ചു നിർത്തുവാനായി അബ്രഹാമിനെ അവന്റെ പിതൃദേശത്തു നിന്നും മാറ്റി. “സ്ത്രീയുടെ സന്തതി” ആയ മശിഹയെ കൊണ്ടുവരുവാൻ ദൈവം ഒരുക്കിയ ആത്മിയ സ്ഥാപനമായിരുന്നു അത്.

മറ്റാരിലും കണ്ടിട്ടില്ലാത്ത വിശ്വാസം അബ്രഹാമിൽ നാം കാണുന്നുണ്ട്. തിരുവെഴുത്തു പറയുന്നതു ശ്രദ്ധിക്കുക, "അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു, അതു അവന്നു നീതിയായി കണക്കിട്ടു എന്നുണ്ടല്ലോ. അതുകൊണ്ടു വിശ്വാസികൾ അത്രേ അബ്രഹാമിന്റെ മക്കൾ എന്നു അറിവിൻ എന്നാൽ ദൈവം വിശ്വാസം മൂലം ജാതികളെ രക്ഷിക്കുന്നു എന്നു തിരുവെഴുത്തു മുൻ കണ്ടിട്ടു നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും എന്നുള്ള സുവിശേഷം അബ്രഹാമിനോടു മുമ്പു കൂട്ടി അറിയിച്ചു. അങ്ങനെ വിശ്വാസികൾ വിശ്വാസിയായ അബ്രഹാമിനോടുകൂടെ അനുഗ്രഹിക്കപ്പെടുന്നു (ഗലാത്യർ 3:6-9).

ദൈവകൃപയുടെ അനുഗ്രഹം നാം സ്വീകരിക്കുന്നത് വിശ്വാസത്താലാണ്. ന്യായപ്രമാണം വരുന്നതിനുമുൻപുതന്നെ ഒരു വിശ്വാസവ്യവസ്ഥ ദൈവം അംഗീകരിക്കുന്നുണ്ടായിരുന്നു. അതാണ് അബ്രഹാമിൽ നാം കാണുന്നത്. ഇന്നും ദൈവം നമ്മെ ക്രിസ്തുവിൽ നീതീകരിക്കുന്നതു വിശ്വാസത്താലാണ്. ദൈവപ്രസാദം ലഭിക്കുവാൻ സ്ഥിരമായ വിശ്വാസം അനിവാര്യമാണ്. പഴയ നിയമത്തിൽ വിശ്വാസത്തിനു മാതൃകയാക്കാവുന്നത് അബ്രഹാമിനെയാണ്. എബ്രായലേഖകൻ വിശ്വാസത്തെ നിർവ്വചിച്ചിട്ടുണ്ട് (എബ്രായർ 11:1) പഴയ നിയമവിശ്വാസ വീരന്മാരുടെ പട്ടികതന്നെ ആ അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. പക്ഷെ അബ്രഹാമിന്റെ വിശ്വാസം എടുത്തു കാണിക്കുന്നു: അവനുണ്ടായിരുന്ന വിശ്വാസം നമുക്ക് ഉണ്ടോ എന്നു പരിശോധിക്കുക. "..... എന്നാൽ അബ്രഹാമിനും അവന്റെ സന്തതിക്കും വാഗ്ദത്തങ്ങൾ ലഭിച്ചു. സന്തതികൾ എന്നു അനേകരെക്കുറിച്ചല്ല നിന്റെ സന്തതിക്കും എന്നു ഏകനെക്കുറിച്ചത്രേ പറയുന്നത്. അതു ക്രിസ്തു തന്നേ. നാം ക്രിസ്തുവിനുള്ളവർ എങ്കിലോ നാം അബ്രഹാമിന്റെ സന്തതിയും വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു" (ഗലാത്യർ 3:15,25-29).

റോമാ ലേഖനത്തിൽ അപ്പൊസ്തലനായ പൗലൊസ് അബ്രഹാമിനെ പരാമർശിച്ചു പറയുന്നതു ശ്രദ്ധിക്കുക, "എന്നാൽ

നമ്മുടെ പൂർവ്വപിതാവായ അബ്രഹാം ജഡപ്രകാരം എന്തു പ്രാപിച്ചു എന്നു പറയേണ്ടു? അബ്രഹാം പ്രവൃത്തിയാൽ നീതീകരിക്കപ്പെട്ടു എങ്കിൽ അവന്നു പ്രശംസിപ്പാൻ സംഗതി ഉണ്ട്, ദൈവ സന്നിധിയിൽ ഇല്ലതാനും. തിരുവെഴുത്തു എന്തു പറയുന്നു? അബ്രഹാം ദൈവത്തെ വിശ്വസിച്ചു, അതു അവന്നു നീതിയായി കണക്കിട്ടു എന്നു തന്നേ. എന്നാൽ പ്രവൃത്തിക്കുന്നവന്നു കൂലി കണക്കിടുന്നത് കൃപയായിട്ടല്ല, കടമായിട്ടത്രേ. പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്ന മനുഷ്യന്റെ ഭാഗ്യം ദാവീദും വർണ്ണിക്കുന്നതു: ആ ധർമ്മം മോചിച്ചും പാപം മറെച്ചും കിട്ടിയവർ ഭാഗ്യവാന്മാർ. കർത്താവു പാപം കണക്കിടാത്ത മനുഷ്യൻ ഭാഗ്യവാൻ. ഈ ഭാഗ്യവർണ്ണനം അബ്രഹാമിനു വിശ്വാസം നീതിയായി കണക്കിട്ടു എന്നത്രേ നാം പറയുന്നത്. എങ്ങനെ കണക്കിട്ടത്? പരിച്ഛേദനയാലോ? അഗ്രചർമ്മത്താലോ? അഗ്രചർമ്മത്താലത്രേ. അഗ്രചർമ്മത്തിൽ വെച്ചു ഉണ്ടായിരുന്ന വിശ്വാസനീതിക്കു മുദ്രയായി പരിച്ഛേദന എന്ന അടയാളം അവന്നു ലഭിച്ചതു അഗ്രചർമ്മത്തോടെ വിശ്വസിക്കുന്നവർക്കുകൂടെ നീതി കണക്കിടുവാന്തക്കവണ്ണം താൻ അവർക്കെല്ലാം പിതാവായിരിക്കേണ്ടതിനു വിശ്വാസികളായ പരിച്ഛേദനക്കാർക്കും അവൻ പിതാവായിരിക്കേണ്ടതിനു തന്നേ" (റോമർ 4:1-12).

അബ്രഹാം തന്റെ ജീവിതത്താൽ നാലു കാര്യങ്ങൾ തെളിയിക്കുന്നു (1) അവന്റെ പിതൃദേശത്തെയും ചാർച്ചക്കാരേയും അവന്നു വിട്ടുപോകേണ്ടതായി വന്നു. (2) ദൈവം അവന്നു മറ്റൊരു ദേശം അവകാശമായി വാഗ്ദാനം ചെയ്തു. (3) അവനു ഒരു വലിയ സന്തതി ലഭിക്കും. അതും വാഗ്ദാനമായിരുന്നു. (4) അവനിൽ സകലജാതികളും അനുഗ്രഹിക്കപ്പെടും. ദൈവം ക്രിസ്തുയേശുവിൽ നടത്തുവാനിരുന്ന അനുഗ്രഹം അബ്രഹാമിന്നു മുൻകൂട്ടി വാഗ്ദത്തം ചെയ്തു. ഭാവിയിൽ സംഭവിപ്പാനിരുന്ന കാര്യങ്ങളിൽ അബ്രഹാം ഉറച്ചു വിശ്വസിച്ചിരുന്നു. അബ്രഹാം ദൈവത്തെ സ്നേഹിച്ചിരുന്നതു കൊണ്ട് അനുസരണം അവന്നു പ്രയാസമുണ്ടായിരുന്നില്ല.

ദൈവ വാഗ്ദാനങ്ങൾ നിവർത്തിക്കപ്പെടുവാൻ ചില നിബന്ധനകൾ വെക്കും. ആ നിബന്ധനകൾ കൈക്കൊള്ളുന്നതു ദൈവത്തെ കൈക്കൊള്ളുന്നതിനു തുല്യമാണ്. അതു നിറവേറ്റുവാൻ മനുഷ്യർക്ക് ദൈവത്തിൽ വിശ്വാസം ഉണ്ടാകണം. ദൈവം മനുഷ്യരിൽ കാണുവാൻ ആഗ്രഹിക്കുന്നത് അതു തന്നെയാണ്. ദൈവം പണ്ടു പിതാക്കന്മാരിൽ കൂടെയാണ് സംസാരിച്ചിരുന്നത്. ദൈവത്തിന്റെ അരുളപ്പാട് സത്യമാണെന്നു അവൻ വിശ്വസിച്ചു. അവിശ്വാസമാണ് പലരെയും പാപം ചെയ്യിക്കുന്നത്. അബ്രഹാമിന്നു ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുവാൻ കഴിഞ്ഞു; തന്റെ ഭാര്യയെയും മക്കളെയും അവൻ ആ വിശ്വാസമാർഗ്ഗം ഉപദേശിച്ചു കൊടുത്തു.

താൻ എവിടെ പോകുന്നു എന്നറിയാതെയാണ് അബ്രഹാം വീടു വിട്ടത്. പടി പടിയായിട്ടാണ് ഓരോന്നു ദൈവം അവന്നു കാണിച്ചു കൊടുത്തത്. യഹോവയുടെ വാഗ്ദാനം അനുസരിച്ചായിരുന്നു അവൻ കനാൻ ദേശത്ത് എത്തിയത്. ദൈവം അബ്രഹാമിനോടു ഒരു ഉടമ്പടി ചെയ്തു. അവനു ദൈവം കൊടുത്ത സന്തതിയായ ഇസഹാക്കിൽ ആ വാഗ്ദാനം പുതുക്കി കൊടുത്തു. മശിഹയെ അവന്റെ വംശപാരമ്പര്യത്തിൽ കൂടെ കൊണ്ടു വരികയാണ് ദൈവത്തിന്റെ ഉദ്ദേശം. ദൈവപദ്ധതിയിൽ അബ്രഹാം ഒരു പാത്രമായിരുന്നു. ഓരോ കാലഘട്ടത്തിൽ ദൈവം ഓരോരുത്തരെ തന്റെ പദ്ധതി നടത്തിപ്പിനായി ഉപയോഗിക്കും. പരിശുദ്ധനായ ദൈവം പാപത്തിലകപ്പെട്ട മനുഷ്യരെ അതിൽ നിന്നു രക്ഷിക്കുവാൻ വഴി ഒരുക്കുകയായിരുന്നു.

നാം നേരത്തെ കണ്ടു അബ്രഹാമിന്റെ വിശ്വാസം അവനു നീതിയായി കണക്കിട്ടു. പാപികളുടെ പാപം നീക്കി അവരെ ദൈവത്തോടു ബന്ധിപ്പിക്കുവാനായിരുന്നു യേശു ക്രൂശിൽ മരിച്ചത്. അവന്റെ യാഗത്തോടു ബന്ധപ്പെടുന്നവരുടെ പാപങ്ങൾ പോക്കി അവരെ അവൻ നീതീകരിക്കുന്നു. മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റതുകൊണ്ട് യേശുവിനു മനുഷ്യരെ നീതീകരിക്കുവാനുള്ള അധികാരം ലഭിച്ചു. ക്രിസ്തുവിൽ നാം നീതീകരിക്കപ്പെട്ടാൽ നമുക്ക് ദൈവത്തിൽ നിന്നു സമാധാനം

ലഭിക്കും. പക്ഷെ അതിനു നാം കർത്താവിൽ വിശ്വസിക്കണം.

"വിശ്വാസത്താൽ അബ്രഹാം തനിക്കു അവകാശമായി കിട്ടുവാനിരുന്ന ദേശത്തോടു യാത്രയാവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ചു എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു. വിശ്വാസത്താൽ അവൻ വാഗ്ദത്തദേശത്ത് ഒരു അന്യദേശത്തു എന്ന പോലെ ചെന്നു വാഗ്ദത്തത്തിനു കൂട്ടവകാശികളായ യിസഹാക്കിനോടും യാക്കോബിനോടുംകൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ടു. ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു. വിശ്വാസത്താൽ സാറയും വാഗ്ദത്തം ചെയ്തവനെ വിശ്വസ്തൻ എന്നു എണ്ണുകയാൽ പ്രായം കഴിഞ്ഞിട്ടും പുത്രോത്പാദനത്തിനു ശക്തി പ്രാപിച്ചു. അതുകൊണ്ടു ഒരുവനു മൃതപ്രായവനായവന്നുതന്നേ, പെരുപ്പത്തിൽ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽപ്പുറത്തെ എണ്ണികൂടാത്ത മണൽ പോലെയും സന്തതി ജനിച്ചു.

വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും സാദ്ധ്യമല്ല. അവന്റെ അടുക്കൽ വരുന്നവർ തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നവൻ ആണെന്നു വിശ്വസിക്കണം (എബ്രായർ 11:6). "അതുകൊണ്ടു മഹാപ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുത്. ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്കു ആവശ്യം. എന്നാൽ എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും. പിൻമാറുന്നു എങ്കിൽ എന്റെ ഉള്ളതിനു അവനിൽ പ്രസാദമില്ല നാമോ നാശത്തിലേക്കു പിൻമാറുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ചു ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു" (എബ്രായർ 10:35-39).

★

## കസൂർ ബീയെ പൊലീസ് കൊന്നു കത്തിച്ചു

ഗുജറാത്തിൽ വ്യാജഏറ്റുമുട്ടലിൽ പൊലീസ് കൊലപ്പെടുത്തിയ സൊഹറാബുദ്ദീൻ ഷെയ്ഖിന്റെ ഭാര്യ കസൂർ ബീയും കൊല്ലപ്പെട്ടെന്നും അവരുടെ ജഡം കത്തിച്ചുകളഞ്ഞെന്നും ഗുജറാത്ത് ഗവൺമെന്റ് സുപ്രീം കോടതിയിൽ തുറന്നു സമ്മതിച്ചു. സംഭവത്തിൽ അറസ്റ്റിലായി റിമാൻഡിൽ കഴിയുന്ന മൂന്ന് ഐ.പി.എസ് ഓഫീസർമാരെ ചോദ്യം ചെയ്തപ്പോഴാണ് ഈ വിവരം ലഭിച്ചതെന്നു സർക്കാർ കോടതിയിൽ സമർപ്പിച്ച നടപടി റിപ്പോർട്ടിൽ അറിയിച്ചു. ഐജി ഡി.ജി വൻസാര, ഗുജറാത്ത് ഇന്റലിജൻസ് വകുപ്പിലെ എസ്. പി. രാജ്കുമാർ പാണ്ഡ്യൻ, ആൾവാർ (രാജസ്ഥാൻ) എസ്.പി.എം. എൻ. ദിനേശ് എന്നിവരാണു നേരത്തേ അറസ്റ്റിലായ ഓഫീസർമാർ.

✶

## ചൈനയിൽ 2500 വർഷം പഴക്കമുള്ള കൂറ്റൻ ശവകുടീരം

അപൂർവ മരംകൊണ്ടു പണിതിരിക്കുന്ന 40 ശവപ്പെട്ടികൾ അടങ്ങുന്ന കൂറ്റൻകുഴിമാടം ചൈനയിലെ പുരാവസ്തു ഗവേഷകർ കണ്ടെത്തി. കിഴക്കൻ ജിയാങ് പ്രവിശ്യയിലെ ലിജിയ ഗ്രാമത്തിലാണ്. 2500 വർഷമെങ്കിലും പഴക്കമുണ്ടെന്നു കരുതപ്പെടുന്ന കൗതുകമുണർത്തുന്ന ശവകുടീരം. 16 മീറ്റർ നീളവും 11.5 മീറ്റർ വീതിയുമുള്ള ശവകുടീരത്തിനു മൂന്നടി താഴ്ചയുണ്ട്.

✶

## കൈകാലുകൾ ബന്ധിച്ച നിലയിൽ കിടന്ന രോഗിയെ തിരിച്ചറിഞ്ഞു

വാഹനാപകടത്തിൽ പരുക്കേറ്റു കൈകാലുകൾ ബന്ധിച്ച നിലയിൽ മെഡിക്കൽ കോളജ് ആശുപത്രി വരാന്തയിൽ കിടന്ന അജ്ഞാതരോഗിയെ തിരിച്ചറിഞ്ഞു.

തമ്പാനൂർ റയിൽവേ സ്റ്റേഷനിൽ ക്ലീനറായ പാറശാല

ചന്ദനക്കാട്ട് പുത്തൻ പുര വീട്ടിൽ വിജയൻ ആണ് കാലുകൾക്ക് ഒടിവേറ്റ് മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിയത്. അട്ടക്കുളങ്ങരയിൽ റോഡിലൂടെ നടക്കുമ്പോൾ ഏതോ വാഹനം വിജയനെ ഇടിച്ചു തെറിപ്പിക്കുകയായിരുന്നു. റോഡിൽ കിടന്ന വിജയനെ പോലീസാണു മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ചത്.

✶

## ആളില്ലാത്ത വീട്ടിൽ വൻ മോഷണം

ബൈപാസ് റോഡിൽ തിരുവല്ലം വേങ്കറ ക്ഷേത്രത്തിന് എതിർവശം അനിൽകുമാറിന്റെ അടച്ചിട്ടിരുന്ന വീട് കുത്തിത്തുറന്ന് വീട്ടുസാധനങ്ങൾ വാരി വലിച്ചിട്ട നിലയിൽ കണ്ടെത്തി. വീട്ടുസാധനങ്ങൾ, സ്വർണാഭരണം ഉൾപ്പെടെ ഇവിടെനിന്ന് വൻ മോഷണം നടന്നതായി സംശയം. ഗൾഫിലുള്ള അനിലിന്റെ വീട്ടിൽ മറ്റാരുമില്ല സൂക്ഷിക്കാൻ വാച്ചറെ ഏർപ്പെടുത്തിയിട്ടുണ്ട്. ഞായർ ഇല്ലായിരുന്ന വാച്ചർ ഇന്നലെ വൈകിട്ട് എത്തിയപ്പോഴാണ് വീടിന്റെ മുൻവാതിലും മറ്റും കുത്തിത്തുറന്നിട്ട നിലയിൽ കണ്ടത്. ഇന്ന് ഡോഗ് സ്ക്വാഡ് അടക്കമുള്ളവരെ കൊണ്ടുവന്ന് വിശദ പരിശോധന നടത്തുമെന്ന് തിരുവല്ലം പൊലീസ് അറിയിച്ചു.

✶

## വെള്ളത്തിൽ കള്ളം: ഫ്ളാറ്റുകൾ ആകെ വെള്ളത്തിൽ

വൻകിട ഫ്ളാറ്റ് സമുച്ചയങ്ങളുടെ ജലചൂഷണത്തിനെതിരെ പരിശോധന തുടരുന്നു. കുടിവെള്ളം വൻതോതിൽ കെട്ടിട നിർമ്മാണ ആവശ്യങ്ങൾക്കായി ദുരുപയോഗം ചെയ്ത ജവഹർ നഗറിലെ ഫ്ളാറ്റിന്റെ വാട്ടർ കണക്ഷൻ വിച്ഛേദിച്ചു. ജലം ദുരുപയോഗം കണ്ടെത്തിയ ഏഴു ഫ്ളാറ്റുകൾക്കു നോട്ടീസ് നൽകി.

✶

## യുഎസിൽ തോക്കെടുത്ത് വീണ്ടും തീക്കളി: യുഎസിൽ നാലു മരണം

കൻസാസ് സിറ്റി (യുഎസ്): പൊലീസിൽ നിന്നു രക്ഷപ്പെടാൻ ശ്രമിച്ച കാർ മോഷ്ടാവ് തലങ്ങും വിലങ്ങും നിറയൊഴിച്ചതിനെ തുടർന്നു മൂന്നു പേർ മരിച്ചു. കൊലയാളിയെ പോലീസ് വെടിവച്ചു കൊന്നു. പലർക്കും പരുക്കേറ്റു. രണ്ടാഴ്ച മുൻപു വെർജീനിയ സർവകലാശാലയിൽ ദക്ഷിണ കൊറിയക്കാരനായ വിദ്യാർത്ഥി 32 പേരെ വെടിവെച്ചു കൊന്ന് ദുരന്തചരിത്രം രചിച്ചതിന്റെ നടുക്കം മാറും മുൻപേയാണ് അമേരിക്കയുടെ ഹൃദയഭാഗത്ത് മിസിസിപ്പി നദിയുടെ സംഗമനഗരമായ കൻസാസ് സിറ്റിയിൽ തോക്കുകൊണ്ടുള്ള തീക്കളി വീണ്ടും അരങ്ങേറിയത്. 50 വയസ്സ് തോന്നിക്കുന്ന കൊലയാളിയെ തിരിച്ചറിഞ്ഞിട്ടില്ല.

✶

## കെട്ടിട നിർമ്മാണം: തൊഴിലാളികൾക്കും എൻജിനീയർമാർക്കും ക്ഷാമം

കെട്ടിട നിർമാണ മേഖലയിൽ തൊഴിലാളികൾക്കു വൻ ക്ഷാമം. ഏജൻസികൾക്കു കരാർ കൊടുത്തു വൻകിട നിർമാതാക്കൾക്കു കഷ്ടിച്ചു ആളെ ഒപ്പിക്കാമെങ്കിലും ചെറുകിടക്കാർക്കും സ്വന്തമായി വീട് നിർമിക്കുന്നവർക്കും ആളെ തീരെ കിട്ടാനില്ലാത്ത സ്ഥിതി.

✶

## മുരിങ്ങൂർ ധ്യാനകേന്ദ്രത്തിലെ വൈദികരുൾപ്പെടെ പത്ത് പേർക്കെതിരെ കേസ്

മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിലെ രണ്ടു വൈദികരടക്കം പത്തു പേർക്കെതിരെ പൊലീസ് കോടതിയിൽ പ്രഥമ വിവര റിപ്പോർട്ട് സമർപ്പിച്ചു. ധ്യാനകേന്ദ്രം ഡയറക്ടർ ഫാ.ജോർജ് പനയ്ക്കൽ, ഫാ.മാത്യു തടത്തിൽ, സിസ്റ്റർ തെരേസ, ധ്യാനകേന്ദ്രത്തിലെ

ഹോമിയോ ഡോക്ടർ തങ്കമ്മ, ആറു ജീവനക്കാർ എന്നിവർക്കെതിരയാണു കേസ്.

✶

## കൈക്കൂലി: വനിതാ ഡോക്ടർക്കും നഴ്സിനും തടവ്

കൈക്കൂലി കേസിൽ നീണ്ടകര സർക്കാർ ആശുപത്രിയിലെ സിവിൽ സർജൻ ആശുപത്രിയിലെ സിവിൽ സർജൻ ആയിരുന്ന കരുനാഗപ്പള്ളി സൈനയിൽ ഡോ. സുലേഖാ ബീവി, നഴ്സ് ചവറ പുത്തൻ തറയിൽ സൂര്യൻ പറമ്പിൽ ലൈല എന്നിവർക്ക് യഥാക്രമം മൂന്നുവർഷവും ഒരു വർഷവും കഠിനതടവും 7500 രൂപ പിഴയും വിജിലൻസ് ജഡ്ജി കെ.ശശിധരൻ നായർ വിധിച്ചു.

2000 ഓഗസ്റ്റിൽ ഗർഭം അലസിപ്പിക്കാൻ എത്തിയ കരുനാഗപ്പള്ളി സ്വദേശി ശ്രീജയിൽ നിന്ന് പ്രതികൾ 300 രൂപ കൈക്കൂലി വാങ്ങിയെന്നാണ് കേസ്.

✶

## ജലമോഷണം: സംസ്ഥാനമൊട്ടാകെ റെയ്ഡ് നടത്തുമെന്ന് പ്രേമചന്ദ്രൻ

വെള്ളത്തിന്റെ അനധികൃത ഉപയോഗവും ചൂഷണവും തടയാൻ കേരളത്തിലുടനീളം ജലമോഷണ വിരുദ്ധ വേട്ടനടത്താൻ തീരുമാനിച്ചതായി മന്ത്രി എൻ.കെ. പ്രേമചന്ദ്രൻ അറിയിച്ചു. ജലമോഷണത്തിനു പിടിക്കപ്പെട്ടാൽ ഒരു ലക്ഷം രൂപ പിഴയും മൂന്നു വർഷം തടവും ശിക്ഷ വ്യവസ്ഥ ചെയ്യുന്ന പുതിയ നിയമം കൊണ്ടുവരുമെന്നും മന്ത്രി പറഞ്ഞു.

✶

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. Speaker: P.K. Varghese, **Church of christ** Thmpuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 May**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08
Licensed to post without prepayment No. Tech/62-2 TV(N) 40/2007

*Join us to worship God in Spirit and Truth*
*The*
**CHURCH OF CHRIST**
Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378